ലിറ്റിൽ കൈറ്റ്സ്
Little Kites

# സി.ജി.എച്ച്.എസ്.എസ്
# വടക്കഞ്ചേരി - പാലക്കാട്
# ലിറ്റിൽ കൈറ്റ്സ്
# വാർഷിക റിപ്പോർട്ട് 2025-26

സ്വതന്ത്ര സോഫ്റ്റ്‌വെയർ വാരാചരണം നടത്തി.

'സർവ്വം എ ഐ മയം'- രക്ഷിതാക്കൾക്ക് എ ഐ പരിശീലനം നൽകി

ലിറ്റിൽ കൈറ്റംഗങ്ങൾക്ക് പ്രിലിമിനറി ക്യാമ്പ് നടത്തി.




ഐ ടി മേളയിൽ അനിമേഷൻ വിഭാഗത്തിൽ സംസ്ഥാന തലത്തിൽ പങ്കെടുത്തു.

അനിമേഷൻ വിഭാഗത്തിൽ സംസ്ഥാനതലത്തിലേക്ക് തെരഞ്ഞെടുത്തു.

തയ്യാറാക്കിയത് : ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് സി. ജി. എച്ച്. എസ്. എസ് വടക്കഞ്ചേരി

## C.G.H.S.S VADAKKENCHERRY - PALAKKAD
## Little Kites Batch 2023-26



## C.G.H.S.S VADAKKENCHERRY - PALAKKAD
## Little Kites Batch 2024-2027



# വാർഷിക റിപ്പോർട്ട്
# 2025-26
# ലിറ്റിൽ കൈറ്റ്സ്
## സി. ജി. എച്ച്. എസ്. എസ് വടക്കഞ്ചേരി

2025-മെയ്-28 ന് 2024-27 ബാച്ചിന്റെ അവധിക്കാല ക്യാമ്പ് നടത്തി. ക്യാമ്പ് കാഴ്ച്കളെല്ലാം ഷൂട്ട് ചെയ്ത് വാർത്തയാക്കി വിക്ടേഴ്സ് ചാനലിൽ അപ്‌ലോഡ് ചെയ്തു.

ജൂൺ ആദ്യവാരം സ്കൂൾ തുറന്നപ്പോൾ പ്രവേശനോത്സവ പരിപാടികൾ എല്ലാം ക്യാമറയിൽ പകർത്തി യൂട്യൂബിൽ അപ്‌ലോഡ് ചെയ്തു.





ജൂൺ-11 ന് വിദ്യാലയത്തിലെ കൈറ്റ് മിസ്ട്രസുമാർ അടുത്തുള്ള എ യു പി സ്കൂൾ വടക്കഞ്ചേരിയിൽ ഡിജിറ്റൽ അച്ചടക്കത്തെക്കുറിച്ച് ക്ലാസ്സുകൾ നൽകി.

സെപ്റ്റംബർ-9 ന് എട്ടാം ക്ലാസ്സിലെ ലിറ്റിൽ കൈറ്റംഗങ്ങൾക്ക് പ്രിലിമിനറി ക്യാമ്പ് നടത്തി. ജി ജി എച്ച് എസ് എസിലെ ഹസീറ ടീച്ചർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പ് കാഴ്ചകൾ തത്സമയം പകർത്തി വീഡിയോ തയ്യാറാക്കി.





സെപ്റ്റംബർ 2025 സ്വതന്ത്ര സോഫ്റ്റ്‌വെയർ വാരാചരണം നടത്തി. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ സാധ്യതകളെ പരിചയപ്പെടുത്തിക്കൊണ്ട് സ്കൂൾ അസംബ്ലി നടത്തി. കൂടാതെ റാലി നടത്തിയും, സെമിനാർ അവതരിപ്പിച്ചും, റോബോട്ടിക്സ് പ്രദർശനം സംഘടിപ്പിച്ചും, സ്വതന്ത്ര സോഫ്റ്റ്‌വെയർ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പ്ലക്കാർഡുകൾ വഹിച്ച് റാലി നടത്തിയും സ്വതന്ത്ര സോഫ്റ്റ്‌വെയർ വാരാചരണം മികവുറ്റതാക്കി.



ആലത്തൂർ ഉപജില്ലയിൽ വച്ച് നടത്തിയ പാലക്കാട് റവന്യൂ ജില്ലാ കലോത്സവത്തിൽ ഡിസംബർ-2 ന് 17 വേദികളിലായി നടന്ന വിവിധ മത്സരങ്ങൾ വീഡിയോ റെക്കോർഡിംഗ് നടത്തിയത് ഈ വിദ്യാലയത്തിലെ 34 ലിറ്റിൽകൈറ്റംഗങ്ങളും അധ്യാപകരും ചേർന്നായിരുന്നു.



വിദ്യാലയത്തിൽ ആഘോഷിക്കപ്പെട്ട എല്ലാ ദിനാചരണങ്ങളും, മറ്റു പൊതു പരിപാടികളുമെല്ലാം ക്യാമറയിൽ പകർത്തുന്നതും, എഡിറ്റ് ചെയ്യുന്നതും, വാർത്തയാക്കി വിക്ടേഴ്സ് ചാനലിൽ അപ്‌ലോഡ് ചെയ്യുന്നതും ഇവിടുത്തെ ലിറ്റിൽ കൈറ്റംഗങ്ങളാണ്.



ഐ ടി മേളയിൽ അനിമേഷൻ വിഭാഗത്തിൽ സംസ്ഥാന തലത്തിൽ പങ്കെടുത്ത് വിജയം നേടുവാൻ ഇവിടുത്തെ ലിറ്റിൽ കൈറ്റംമായ അനഗ്രഹ എം ന് കഴിഞ്ഞിട്ടുണ്ട്.



2024-27 ബാച്ചിലെ ദേവനന്ദ കെ എസ് ന് അനിമേഷൻ വിഭാഗത്തിൽ സംസ്ഥാനതലത്തിലേക്ക് തെരഞ്ഞെടുത്തു.

'സർവ്വം എ ഐ മയം' എന്ന പേരിൽ 2026 ഫെബ്രുവരി 27 ന് 40 ൽ പരം രക്ഷിതാക്കൾക്ക് എ ഐ പരിശീലനം നൽകി ലിറ്റിൽ കൈറ്റ്സ് മാതൃകയായി.





---

കൂടാതെ നിരവധി വീഡിയോകൾ യൂട്യൂബിൽ അപ്‌ലോഡ് ചെയ്യും, റീൽസും, ഷോർട്സും തയ്യാറാക്കി വിദ്യാലയ പ്രവർത്തനങ്ങൾ പുറംലോകത്തെത്തിക്കാൻ ഇവിടുത്തെ ലിറ്റിൽ കൈറ്റ്സിന് സാധിച്ചിട്ടുണ്ട്.

---

https://youtube.com/@cherupushpamghss6249?si=rJ6XTL9w9nCUmEpk

**Scan QR Code for get our Youtube Channel**